**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3644** **26-10-2021 - ൽ മറുപടിയ്ക്ക്**

**തിരൂരിൽ നിന്നും ദീർഘദൂര സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ നിയോജകമണ്ഡലത്തിലെ യാത്രാ സൗകര്യമില്ലാത്ത റൂട്ടുകളിൽ പുതിയ ബസ്സുകൾ അനുവദിക്കുന്നതുൾപ്പെടെ, പുതുതായി എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (എ) | തിരൂർ നിയോജകമണ്ഡലത്തിലെ യാത്രാ സൗകര്യം ഇല്ലാത്ത റൂട്ടുകളിൽ യാത്രക്കാരുടെ ലഭ്യതയ്ക്കനുസരിച്ച് ബസ്സുകളും ട്രിപ്പുകളും അനുവദിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പരിശോധിക്കുന്നതാണ്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുക പോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ. എ -മാർ അടക്കമുള്ള ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും നിലവിലെ ജനോപകാരപ്രദമല്ലാത്ത ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ഇത്തരം റൂട്ടുകളിൽ അടക്കം സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കു ന്നതാണ്. നിർദ്ദിഷ്ട ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരം പ്രദേശങ്ങളിൽ സർവ്വീസുകൾ ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾ മുഖാന്തിരം പദ്ധതി നടപ്പിലാക്കുന്നത് സജീവ പരിഗണനയിലാണ്. |
| (ബി) | നിലവിൽ തെക്കൻ ജില്ലകളിലേയ്ക്ക് തിരൂരിൽ നിന്ന് നേരിട്ട് ദീർഘദൂര ബസ്സ് സർവ്വീസ് ഇല്ലാത്തതിനാൽ ദീർഘദൂര സർവ്വീസ് ആരംഭിക്കുന്നതിനോ, ദീർഘദൂര സർവ്വീസുകൾ തിരൂർ വഴിയാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | തെക്കൻ ജില്ലകളിലേയ്ക്ക് തിരൂർ വഴിയുള്ള ദീർഘദൂര ബസ്സ് സർവ്വീസ്സുകൾ കോവിഡ് പശ്ചാത്തലത്തിൽ നിർത്തി വച്ചിരുന്നവയടക്കം പുനരാരംഭിച്ചിട്ടുണ്ട്. കൂടുതൽ ദീർഘദൂര സർവ്വീസുകളോ, ട്രിപ്പുകളോ തിരൂർ വഴി ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ആരംഭിക്കുന്നതിനായി നിലവിലെ ജനോപകാരപ്രദമല്ലാത്ത ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ഇത്തരം റൂട്ടുകളിലടക്കം സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ